# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.862 03.12.2014-ൽ മറുപടിയ്ക്ക്**

**<u>ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാലോട് രവി:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.പി.സി.വിഷ്ണുനാഥ്:<br>ശ്രീ.എം.പി.വിൻസെന്റ്: | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2013-2014 സാമ്പത്തിക വർഷം ഇതിനായി പ്രത്യേക പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിലേക്കായി ഒന്നാം ഘട്ടത്തിൽ 106.60കോടി രൂപ അടങ്കൽ തുകയ്ക്കുള്ള 183 ചെക്ക് ഡാമുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടമായി 3.78കോടി രൂപ അടങ്കൽ തുകയ്ക്കുള്ള 7 ചെക്ക് ഡാമുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി), (സി) & (ഡി) | സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥ വ്യതിയാനവും കണക്കിലെടുത്ത്, ലഭ്യമായ ജലം പരമാവധി സംരക്ഷിച്ച് കുടിവെള്ള വിതരണത്തിനും കൃഷിക്കും മറ്റനുബന്ധാവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകുവാനും, നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം വിവിധ സ്ഥലങ്ങളിൽ സംഭരിക്കലുമാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം. ജലവിഭവ വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റിക്ക് വേണ്ടിയും പ്രസ്തുത പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്. |
| (സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | | |

**സെക്ഷൻ ഓഫീസർ**